## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2334. 01.4.2013 -ൽ മറുപടിയ്ക്ക്**

ഭക്ഷണശാലകളിലും ബേക്കറികളിലും ഭക്ഷ്യസുരക്ഷ സംബന്ധിച്ച ഫലപ്രദമായ പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭക്ഷണശാലകളിലും ബേക്കറികളിലും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച ഫലപ്രദമായ പരിശോധനനടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭക്ഷ്യ സുരക്ഷാ നിയമമനുസരിച്ച് കർശനമായ പരിശോധന നടത്തുന്നുണ്ട്. |
| (ബി) | ജീവനക്കാരുടെ കുറവാണ് ഇത്തരം പ്രവണതയ്ക്ക് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ലഭ്യമായ ജീവനക്കാരെ ഉപയോഗിച്ച് സ്ക്വാഡ് രൂപീകരിച്ച് സംസ്ഥാനത്തുടനീളം പരിശോധന നടത്തുന്നുണ്ട്. |
| (സി) | എങ്കിൽ ജില്ലകൾതോറും അഡ്ജൂഡിക്കേറ്റിങ്ങ് ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഇത്തരം പരിശോധനയ്ക്ക് നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | ഭക്ഷ്യ സുരക്ഷാ നിലവാര നിയമമനുസരിച്ച് പുതുതായി ഉദ്യോഗസ്ഥരെ പരിശോധനയ്ക്ക് നിയമിക്കുമ്പോൾ 2006 ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമത്തിൽ അനുശാസിക്കുന്ന യോഗ്യതയുള്ള ഉദ്യോഗസ്ഥരെ മാത്രമേ നിയമിക്കുവാൻ സാധിക്കുകയുള്ളു. കൂടാതെ അഡ്ജൂഡിക്കേറ്റിങ്ങ് ഓഫീസറെ നിയമിച്ചിട്ടുള്ളത് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തി കണ്ടെടുക്കുന്ന സാമ്പിളുകളിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിലേക്ക് മാത്രമാണ്. ആയതിനാൽ അഡ്ജൂഡിക്കേറ്റിങ്ങ് ഓഫീസർമാരുടെ നിയന്ത്രണത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഇത്തരം പരിശോധനയ്ക്ക് നിയമിക്കുക സാധ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 2006 ലെ കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിലവാര നിയമത്തിൽ ഭേദഗതി വരുത്തുവാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല |

സെക്ഷൻ ഓഫീസർ